I/416777/2024

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ,
തിരുവനന്തപുരം-24-05-2024
E-mail : keralarcs.coop@kerala.gov.in
Wbsite : www.cooperation.kerala.gov.in
Fax : 0471-2331513,0471-2331136.

നം.ഇ.എം(5) 5885/2022

## സർക്കുലർ നമ്പർ17/2024

വിഷയം :- സഹകരണ വകുപ്പ് –കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന ബാങ്കുകൾ/ സംഘങ്ങൾ നിയമാനുസൃത പെൻഷൻ ഫണ്ട് വിഹിതം യഥാസമയം അടവാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്സംബന്ധിച്ച്

സൂചന :-1) സർക്കാരിന്റെ സഹകരണ (എ) വകുപ്പിൽ നിന്നുള്ള 04.01.2024-ലെ എ3/7/2023/സഹ നം കത്ത്.
2) സഹകരണ പെൻഷൻ ബോർഡ് അഡീഷണൽ രജിസ്ട്രാർ/ സെക്രട്ടറിയുടെ 27/06/2022 ലെ PB/PRO /4639/2022 നം , 01.02.2024-ലെ PB/PRO/5358/2022 നം കത്തുകൾ.

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്, പെൻഷൻ ഫണ്ടിന്റെ കണക്കുകൾ ഓൺലൈൻ മുഖേന അടവാക്കുന്നതിനായി സോഫ്റ്റ് വെയർ തയ്യാറാക്കുകയും ആയത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങൾ 04/2021 മുതൽ പെൻഷൻ ഫണ്ട് ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന അടവാക്കേണ്ടതാണെന്ന് സാമൂഹ്യ പത്ര മാധ്യമങ്ങൾ മുഖേനയും സർക്കുലർ മുഖേനയും പെൻഷൻ ബോർഡ് നിർദ്ദേശം നല്കിയിട്ടുണ്ട്. പെൻഷൻ ബോർഡിൽ അംഗമായിട്ടുള്ള മുഴുവൻ സഹകരണ സ്ഥാപനങ്ങളും ടി സോഫ്റ്റ് വെയർ മുഖേന ഫണ്ട് അടവാക്കിയാൽ മാത്രമേ കണക്കുകൾ പൂർണ്ണമായും കൃത്യതയോടെയും ലഭ്യമാവുകയുള്ളൂ.

മേൽ സാഹചര്യത്തിൽ പെൻഷൻ ബോർഡിന്റെ നടപടിക്രമങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും പെൻഷൻ ബോർഡിന്റെ ഓൺലൈൻ മൊഡ്യൂൾ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ നിയമാനുസൃത പെൻഷൻ ഫണ്ട് വിഹിതം യഥാസമയം അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഫങ്ഷണൽ രജിസ്ട്രാർമാരുടെ ഭരണപരിധിയിലുള്ള സഹകരണ സ്ഥാപനങ്ങളെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓൺലൈൻ മൊഡ്യൂൾ മുഖേന പെൻഷൻ ഫണ്ട് അടവാക്കുന്നതിന് അതാത് ഫങ്ഷണൽ രജിസ്ട്രാർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

I/416777/2024

2. സഹകരണ സ്ഥാപനങ്ങൾ പെൻഷൻ സ്കീമിൽ ചേർന്ന് പെൻഷൻ ഫണ്ട് വിഹിതം കൃത്യമായി ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന അടവാക്കുന്നുണ്ടെന്നും ജീവനക്കാരൻ വിരമിക്കുന്നതിന് ഒരു വർഷം മുമ്പ് പെൻഷൻ അപേക്ഷ സമർപ്പിക്കുന്നുണ്ടെന്നും ശമ്പള പരിഷ്കരണങ്ങൾ നടപ്പാക്കുന്നതോടൊപ്പം തന്നെ പെൻഷൻകാരുടേതുൾപ്പെടെ മുഴുവൻ ജീവനക്കാരുടെയും ശമ്പള പരിഷ്കരണത്തിന്റെ പെൻഷൻ ഫണ്ട് കുടിശ്ശിക അടവാക്കുന്നുണ്ടെന്നും ആഡിറ്റ്/ഇൻസ്പെക്ഷൻ എന്നിവയുടെ ഭാഗമായി ആഡിറ്റർമാരും/ഇൻസ്പെക്ടർമാരും ആഡിറ്റ് വേളയിലും ഇൻസ്പെക്ഷൻ വേളയിലും ഉറപ്പ് വരുത്തേണ്ടതും ആയതിൽ സഹകരണസ്ഥാപനങ്ങൾ വീഴ്ച വരുത്തുകയാണെങ്കിൽ ന്യൂനതയായി രേഖപ്പെടുത്തേണ്ടതുമാണ്.

3. സഹകരണ സ്ഥാപനങ്ങളിലെ പെൻഷൻ ഫണ്ട് വിഹിതം അടവാക്കുന്നതിന് 4/2021 മുതൽ ഓൺലൈൻ സോഫ്റ്റ് വെയർ നിലവിൽ വന്നിട്ടുണ്ട്. ടി സോഫ്റ്റ് വെയറിൽ ഓരോ ജീവനക്കാരന്റെയും പേർക്ക് അന്നേ തീയതിവരെ അടവാക്കിയ പെൻഷൻ ഫണ്ട് വിഹിതം (ഓപ്പണിംഗ് ബാലൻസ്) രേഖപ്പെടുത്തി തുടർന്നുള്ള മാസങ്ങളിലെ വിഹിതം അടച്ചുവരികയാണ് ചെയ്യുന്നത്. ഓപ്പണിംഗ് ബാലൻസായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ ഓപ്പണിംഗ് ബാലൻസ്, കൺകറണ്ട് ആഡിറ്റർമാർ നിലവിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ടി കൺകറണ്ട് ആഡിറ്റർമാരും കൺകറണ്ട് ആഡിറ്റർമാർ നിലവില്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ അതാത് യൂണിറ്റ് ഇൻസ്പെക്ടർമാരും പരിശോധിച്ച് ഇതോടൊന്നുബന്ധിച്ചുള്ള പ്രൊഫോർമയിൽ സാക്ഷ്യപ്പെടുത്തി അതാത് സഹകരണ സ്ഥാപനത്തിൽ നല്കേണ്ടതും ആയത് പെൻഷൻ ബോർഡ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന മുറയ്ക്ക് സഹകരണ സ്ഥാപനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും വിരമിക്കുന്ന ജീവനക്കാരന്റെ പെൻഷൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

4. സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള മുഴുവൻ സഹകരണ സ്ഥാപനങ്ങളും പെൻഷൻ ഫണ്ട് ഓൺലൈൻ സോഫ്റ്റ് വെയർ മുഖേനയാണ് അടവാക്കുന്നതെന്ന് അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും, ഫങ്ഷണൽ രജിസ്ട്രാർമാരും ഉറപ്പുവരുത്തേണ്ടതാണ്.

5. പെൻഷൻ ഡോക്കറ്റിനുള്ള അപേക്ഷാഫീസ് സഹകരണ സ്ഥാപനങ്ങൾ ഓൺലൈൻ വഴി ജനറേറ്റ് ചെയ്ത ചെലാൻ മുഖേന അടച്ച് അപ് ലോഡ് ചെയ്യേണ്ടതാണ്.

6. കേരള ബാങ്കിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിഹിതം, അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജസ് എന്നിവയും സഹകരണ സ്ഥാപനങ്ങൾ കേരളാ ബാങ്കിൽ അടവാക്കുന്ന പെൻഷൻ ഫണ്ട് വിഹിതവും പെൻഷൻ ബോർഡിന്റെ ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന ജനറേറ്റ് ചെയ്ത ചെലാൻ മുഖേനയാണെന്ന് കേരളാ ബാങ്ക് ഉറപ്പു വരുത്തേണ്ടതാണ്.

സഹകരണ പെൻഷൻ ബോർഡിന്റെ www.sahakarapension.org എന്ന വെബ് സൈറ്റിൽ ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന തുക അടവാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഭ്യമാണ്.

(ഒപ്പ്)
JOTHY PRASAD R
സഹകരണസംഘം രജിസ്ട്രാർ ഇൻ -ചാർജ്ജ്

പകർപ്പ് :-

I/416777/2024

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
2. സഹകരണ ആഡിറ്റ് ഡയറക്ടർ,ആഡിറ്റ്ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം.
3. എല്ലാ ഫങ്ഷണൽ രജിസ്ട്രാർമാർക്കും
4. ചീഫ് ജനറൽ മാനേജർ, കേരള ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
6. എല്ലാ അസിസ്റ്റന്റ് (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.
7. എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
8. സഹകരണസംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ട്മാർക്കും
9. എഡിറ്റർ സഹകരണ വീഥി.
10. വെബ് സൈറ്റ്.
11. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

Signed by

Bindu.s

Date: 25-05-2024 10:21:39

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം.)

## PROFORMA

| | | | |
|---|---|---|---|
| 1 | Name of Society | : | |
| 2 | Code No of Society | : | |
| 3 | Name of Employee | : | |
| 4 | Code No of Employee | : | |
| 5 | Date of Entry in Service | : | |
| 6 | Date of Commencement of Management Contribution to PF(to be verified with PF Ledger, Acquittance register and Board resolution) | : | |
| 7 | Opening Balance updated by the Society | : | |

8 Opening Balance as verified by the officer with records :

| Sl.No | Month | Basic Pay | DA | Pension Contribution | Progressive Total |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |